# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6734 10.07.2014 - ൽ മറുപടിയ്ക്ക്

## എസ്.എ.ടി, എച്ച്.എച്ച്.എംപ്ലോയ് മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി. എ. മാധവൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ എസ്.എ.ടി ആശുപത്രി കേന്ദ്രമായി എസ്.എ.ടി, എച്ച്.എച്ച്.ഇ.എസ്. എന്ന സംഘടനയ്ക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു നിയമ പ്രകാരം പ്രവർത്തിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. എസ്.എ.ടി. ആശുപത്രി ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ/ റൂൾസ് ആന്റ് റഗുലേഷൻസ് പ്രകാരം പ്രവർത്തിക്കുന്നതിന് 18.03.1994 ലെ G.O.(MS)58/94/H&FWD നമ്പർ ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത സംഘടനയ്ക്ക് അനുമതി നൽകുമ്പോൾ ബൈലോ ഭേദഗതി സംബന്ധിച്ച് ഏതെങ്കിലും നിബന്ധനകൾ നിഷ്കർഷിച്ചിരുന്നോ; വിശദമാക്കാമോ; | (ബി) | Registered Charitable Society യുടെ എല്ലാ മാനദണ്ഡങ്ങൾക്കും പുറമെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ/ റൂൾസ് ആന്റ് റഗുലേഷൻസ് ഭേദഗതിയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) പ്രവർത്തനം ആരംഭിച്ച ശേഷവും നാളിതുവരെയും സംഘടനയുടെ ബൈലോകൾ ഭേദഗതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണയെന്നും ഇതിന് സർക്കാർ അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നും അറിയിക്കാമോ; | (സി) | ഉണ്ട്. ജനറൽ ബോഡിയുടെ അംഗീകാരത്തോടുകൂടി മൂന്നു തവണ ഭേദഗതി ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകാരം വാങ്ങിയതു സംബന്ധിച്ച രേഖകൾ എസ്.എ.ടി, എച്ച്.എച്ച്.ഇ. എസിൽ ലഭ്യമല്ല. |
| (ഡി) പ്രസ്തുത സംഘടന വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ; | (ഡി) | ഈ സൊസൈറ്റി നിലവിൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. |

| | | |
|---|---|---|
| (ഇ) പ്രസ്തുത സംഘടനയ്ക്ക് മെഡിക്കൽ കോളേജ് വളപ്പിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ സ്ഥാപനങ്ങൾ നടത്തി വരുമാനം ഉണ്ടാക്കുന്നതിനോ അനുമതി നൽകിയിട്ടുണ്ടോ? | (ഇ) | ആശുപത്രിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി 18.03.1994 ൽ സർക്കാർ അനുമതി നല്കുകയുണ്ടായി. അതിൻ പ്രകാരമാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്. കെട്ടിടങ്ങൾ നിർമ്മിക്കുന്നത് സർക്കാരിന്റെ നിർദ്ദേശ പ്രകാരവും മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെയും സർക്കാർ പ്രതിനിധി ഉൾപ്പെട്ട എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും അനുമതിയോടെയാണ്. |

സെക്ഷൻ ഓഫീസർ